# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD8/1450

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 01/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസി.ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3. ഓഫീസ് പകർപ്പ്

നമ്പർ: KSA-PKD8/1450 തീയ്യതി: 01/07/2022

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2019 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(HG)
ശ്രീ.കെ.സി.ഹരിഗോബിന്ദ്, അസി.ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ശാരദ തുളസീദാസ് | പ്രസിഡന്റ് | 01-05-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.ആർ.ചിന്നക്കുട്ടൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സന്തോഷ്കുമാർ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 15-04-2020 |
| | | 06-01-2021 | 19-01-2021 |
| | | 29-01-2021 | 31-01-2021 |
| ശ്രീമതി.ബീന.എസ് | സെക്രട്ടറി | 16-04-2020 | 05-01-2021 |
| ശ്രീ.പ്രവീൺ വാസു | സെക്രട്ടറി | 20-01-2021 | 28-01-2021 |
| ശ്രീമതി.ലിസി.സി.എ | സെക്രട്ടറി | 01-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഗോപകുമാർ.വി.എസ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 05-08-2020 |
| ശ്രീ.സാനുക്കുട്ടൻ.ടി.പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 06-08-2020 | 05-01-2021 |
| ശ്രീ.അജയകുമാർ.പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 06-01-2021 | 17-02-2021 |
| ശ്രീ.സുമേഷ്.വി.ആർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 18-02-2021 | 31-03-2021 |
| ശ്രീമതി.കെ.മേരി വിജയ | കൃഷി അസി.ഡയറക്ടർ | 01-04-2020 | 05-11-2020 |
| ശ്രീമതി.ജാനറ്റ് ഡാനിയർ | കൃഷി അസി.ഡയറക്ടർ | 06-11-2020 | 31-03-2021 |
| ശ്രീ.മണികണ്ഠൻ.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവ്.പി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ദിലീപ്കുമാർ.പി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.നാരായണൻ.പി | സൂപ്രണ്ട്, വൃദ്ധ-വികലാംഗ സദനം | 01-04-2020 | 31-03-2021 |
| ഡോ.അജിതകുമാരി | മെഡിക്കൽ ഓഫീസർ(CHC), നന്ദിയോട് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| Dr.Sindhu.M.A | M.O(CHC), Koduvayur | 01-04-2020 | 06-08-2020 |
| | | 29-11-2020 | 31-03-2021 |
| ഡോ.സുരേഷ്.എ.കെ | മെഡിക്കൽ ഓഫീസർ(CHC), കൊടുവായൂർ | 07-08-2020 | 28-11-2020 |
| ശ്രീ.റമീസ്.പി.മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 18-05-2020 |
| ശ്രീമതി.ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-05-2020 | 31-03-2021 |
| ശ്രീമതി.ശാന്തകുമാരി.കെ | വനിതാ ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.C.Harigobind (Senior Grade Auditor, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 21-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 21-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: K.C.Harigobind (Senior Grade Auditor, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-7 |
| 8 | കോൺഫറൻസ് ഹാളിലേക്ക് മൈക്ക്, LCD പ്രൊജക്റ്റർ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-8 |
| 9 | ബ്ലോക്ക് ഓഫീസിലെ നെറ്റ് വർക്കിംഗ്, UPS സ്ഥാപിക്കലും-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-9 |
| 10 | ടോയ്‌ലറ്റ് കോംപ്ലക്സിന് ബ്ലോക്ക് വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-06-2022) | 1-10 |
| 11 | ഗ്യാസ് ക്രമറ്റോറിയം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-11 |
| 12 | തൊട്ടിയത്തറ ശ്മശാനം സൈഡ് സംരക്ഷണം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-12 |
| 13 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബത്ത, സ്കോളർഷിപ്പ്-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-13 |
| 14 | ഐ.എ.വൈ അധികവിഹിതം നൽകി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-14 |

| | | |
|---|---|---|
| 15 | പി.എം.എ.വൈ ഭവന നിർമ്മാണം - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-15 |
| 16 | പഠനമുറി - രണ്ട ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-16 |
| 17 | കൊല്ലങ്കോട് എസ്.സി പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ഫർണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Kanthaswami.I (Auditor, On 29-06-2022) | 1-17 |
| 18 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-18 |
| 19 | എസ്.സി വനിതകൾക്ക് മിനി ഇൻഡസ്ട്രിയൽ കെട്ടിട നിർമ്മാണം-മുതലമട-അക്കൗണ്ടിംഗിൽ അപാകത<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-19 |
| 20 | മുതലമട ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് മിനി വ്യവസായ കെട്ടിട നിർമ്മാണം - പൂർത്തീകരണം ഉറപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-20 |
| 21 | കേരള സ്റ്റാമ്പ് ആക്റ്റിൽ നിഷ്കർഷിക്കും പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റിന്റെ മൂല്യം ഉറപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 29-06-2022) | 1-21 |
| 22 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 30-06-2022) | 1-22 |
| 23 | PWD മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകി<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-23 |
| 24 | പദ്ധതിക്കാവശ്യമായ സ്ഥലം നിയമപരമായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 1-24 |
| 25 | മാമരത്ത് കോളനി കുടിവെള്ള പദ്ധതി - ഗുണനിലവാരമില്ലാത്ത പൈപ്പുകൾ സ്ഥാപിച്ച കരാറുകാരനെതിരെ നിയമ നടപടി സ്വീകരിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 28-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 29-06-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല<br>Written By: C.S.Santhosh (Audit Officer, On 30-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-07-2022) | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 21-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 21-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 01-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

14-02-20 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 548529000 രൂപയും പ്രതീക്ഷിത ചെലവ് 548529000 രൂപയും നീക്കിയിരിപ്പ് 100000 രൂപയുമാണ്.

പരിഷ്കരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 23-6-2021 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 66702269 |
| വരവ് | 82397753 |
| ആകെ | 149100022 |
| ചെലവ് | 89646196 |
| നീക്കിയിരിപ്പ് | 59453826 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 50118000 | 50118000 | 40191477 | 9926523 |
| വികസനഫണ്ട് -എസ്.സി.പി | 0 | 31913000 | 30457220 | 19,570,024 | 10887196 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 4679000 | 4679000 | 1918465 | 2760535 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6544000 | 6544000 | 1798048 | 4745952 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| BRGF | 131884 | 0 | 131884 | 131884 | 0 |
| TSC | 84985 | 32739 | 117724 | 66847 | 50877 |

സംസ്ഥാനാവിഷ്കാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| IAY-Plan | 15389464 | 0 | 15389464 | 1089902 | 14299562 |
| IAY-General | 8738412 | 349689 | 0 | 9018091 | 9018091 |
| Old Age Home | 31076988 | 1241636.00 | 32318624 | 0 | 32318624 |
| കേരളോൽസവം | 0 | 60,000.00 | 60000 | 60000 | 0 |
| Flood Grant | 0 | 400000 | 400000 | | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 123238556 | 87 | 63478014 | 0 | 59 | 60 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 60% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 2 | 2 | 851740 | 821949 | 97 |
| സെക്രട്ടറി | 24 | 16 | 38552632 | 25217460 | 65 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1950000 | 590000 | 30 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 6 | 6 | 2199571 | 1670768 | 76 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 2403100 | 1103530 | 46 |
| കൃഷി അസി.ഡയറക്ടർ | 4 | 4 | 10763743 | 10758483 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 5020000 | 2520000 | 50 |
| വ്യവസായ വികസന ഓഫീസർ | 2 | 2 | 4798420 | 1504172 | 31 |
| അസി. എക്സി.എഞ്ചിനീയർ | 98 | 48 | 56399350 | 19094423 | 34 |
| സൂപ്രണ്ട്, വൃദ്ധ സദനം | 3 | 2 | 300000 | 197229 | 66 |
| ആകെ | 146 | 87 | 123238556 | 63478014 | 52 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

വിവിധ സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി ലഭ്യമാകുന്ന ഫണ്ടുകൾ ചെലവഴിക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്.

കൊടുവായൂർ വൃദ്ധ സദനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ 3.3 കോടി രൂപ ചെലവഴിക്കുന്നതിൽ സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ട്.

അക്കൗണ്ടിൽ തുക നീക്കിയിരിപ്പായുണ്ടെങ്കിലും ഐ.എ.വൈ/പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം ധാരാളം ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് വിവിധ കാരണങ്ങളാൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് ഫണ്ട് വിനിയോഗത്തിൽ കുറവുണ്ടാക്കുന്നുണ്ട്. PWD മാന്വൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെയാണ് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. ആയതിനാൽ അനേകം പ്രവൃത്തികൾ സ്പിൽ ഓവറാവുകയും ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.

ധനകാര്യ, വികസന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.2.22 – 10.2.22 | 1.04.20 മുതൽ 31.03.21 വരെ | 14.4.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.5.22 – 22.5.22 | 1-4-2016 മുതൽ 20-11-2021 വരെ | റിപ്പോർട്ട് ലഭ്യമായില്ല |

## 1-8 കോൺഫറൻസ് ഹാളിലേക്ക് മൈക്ക്, LCD പ്രൊജക്റ്റർ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 135/21 |
| പേര് | കോൺഫറൻസ് ഹാളിലേക്ക് മൈക്ക്, LCD പ്രൊജക്റ്റർ |
| അടങ്കൽ | 2,50,000/- (തനത് ഫണ്ട്) |

കോൺഫറൻസ് ഹാളിലേക്ക് മൈക്ക്, LCD പ്രൊജക്റ്റർ എന്നിവ സ്ഥാപിക്കുവാനായി PWD ഇലക്ട്രോണിക്ക് ഡിവിഷൻ എക്സി. എഞ്ചിനീയർ, തൃശ്ശൂരിന്റെ 8443-00-108 എന്ന ഡെപ്പോസിറ്റ് ഹെഡിലേക്ക് KI006039274202021m നം. ട്രഷറി ചലാൻ മുഖേന 11.08.2020ന് വിഹിതം നിക്ഷേപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്, AS, TS, എന്നിവ ലഭ്യമായി പ്രവൃത്തി നടത്തിയെങ്കിലും ഫയലിൽ പ്രവൃത്തി പൂർത്തീകരണ/വിനിയോഗ സക്ഷ്യപത്രം എന്നിവ സൂക്ഷിച്ചിട്ടില്ല.

പദ്ധതി വിഹിതം നല്കിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 4(1)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

## 1-9 ബ്ലോക്ക് ഓഫീസിലെ നെറ്റ് വർക്കിംഗും, UPS സ്ഥാപിക്കലും-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 134/21-ബ്ലോക്ക് ഓഫീസിലെ നെറ്റ് വർക്കിംഗും, UPS സ്ഥാപിക്കലും. |
| അടങ്കൽ | 3,00,000/- (തനത് ഫണ്ട്) |

ബ്ലോക്ക് ഓഫീസിലെ നെറ്റ് വർക്കിംഗും, UPS സ്ഥാപിക്കലിനുമായി തൃശ്ശൂർ ഇലക്ട്രോണിക്ക് ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 8443-00-108 എന്ന ഡെപ്പോസിറ്റ് ഹെഡിലേക്ക് KI006039833202021 നം. ട്രഷറി ചലാൻ മുഖാന്തിരം 11.08.2020ന് വിഹിതം നിക്ഷേപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്, AS, TS, എന്നിവ ലഭ്യമായി പ്രവൃത്തി നടത്തിയെങ്കിലും ഫയലിൽ പ്രവൃത്തി പൂർത്തീകരണ/ വിനിയോഗ സക്ഷ്യപത്രം എന്നിവ സൂക്ഷിച്ചിട്ടില്ല.

പദ്ധതി വിഹിതം നല്കിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 4(5)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

1-10 ടോയ്‌ലറ്റ് കോംപ്ലക്സിന് ബ്ലോക്ക് വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോ ഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 124/21-പെരുവെമ്പ് പഞ്ചായത്തിൽ ടോയ്‌ലറ്റ് കോംപ്ലക്സിന് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 5,00,000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 3/20-21 /27/04/2020 | 5,00,000/- |

പെരുവെമ്പ് ഗ്രാമപഞ്ചായത്തിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള ബ്ലോക്ക് വിഹിതമായി 5,00,000/- രൂപ NEFT ലൂടെ (അക്കൗണ്ട് നം. 79901140000l334) ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

പദ്ധതി വിഹിതം നല്കിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 4(2)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.*

1-11 ഗ്യാസ് ക്രമറ്റോറിയം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 119/21-വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രിമറ്റോറിയത്തിന് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 20,00,000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 01/20-21/ 27/04/20 | 20,00,000/- |

വടവന്നൂർ ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ക്രിമറ്റോറിയത്തിനായുള്ള ബ്ലോക്ക് വിഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം.79901140001553) കൈമാറിയിട്ടുണ്ട്.

പദ്ധതി വിഹിതം നല്കിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
*ഓഡിറ്റ് അന്വേഷണം നം. 4(3)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.*

1-12 തൊട്ടിയത്തറ ശ്മശാനം സൈഡ് സംരക്ഷണം-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 120/21-മുതലമട ഗ്രാമപഞ്ചായത്തിലെ തൊട്ടിയത്തറ ശ്മശാനം സൈഡ് സംരക്ഷണത്തിന് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 1580320- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 3/20-21/ 27/04/2020 | 15,80,320/- |

തൊട്ടിയത്തറ ശ്മശാനം സൈഡ് സംരക്ഷണത്തിന് ബ്ലോക്ക് വിഹിതമായ 15,80,320/- രൂപ മുതലമട ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം.79901140001171 എന്ന) കൈമാറിയിട്ടുണ്ട്.

പദ്ധതി വിഹിതം നല്കിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്റ്റുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
*ഓഡിറ്റ് അന്വേഷണം നം. 4(4)/27-6-22 ന് മറുപടിയിൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.*

1-13 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബത്ത, സ്കോളർഷിപ്പ്- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്റ്റ് – 84/21- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബത്ത , സ്കോളർഷിപ്പ് എന്നിവ നൽകുന്നതിനുള്ള ബ്ലോക്ക് ഷെയർ നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥ – C.D.P.O

അടങ്കൽ - 8,00,000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് - 8,00,000/-

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ബത്ത, സ്കോളർഷിപ്പ് എന്നിവ നൽകുന്നതിനുള്ള ബ്ലോക്ക് ഷെയർ ആയി 7 ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളിൽ 3 പഞ്ചായത്തുകൾ ലഭ്യമായ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ | സ്ഥാപനം | അക്കൗണ്ട് നം. | തുക |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | |
| 01 | പെരുവെമ്പ് | 799011400001334 | 75,000 |
| 02 | പട്ടഞ്ചേരി | 799011400001525 | 1,00,000 |
| 03 | കൊല്ലങ്കോട് | 7990114000001373 | 1,67,500 |
| ആകെ | | | 3,42,500 |

പദ്ധതി വിഹിതം നൽകിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

പദ്ധതി വിഹിതം നല്കിയതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി നൽകുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്നും അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

*ഓഡിറ്റ് അന്വേഷണം നം. 3/27-6-22 ന് മറുപടി ലഭ്യമായില്ല.*

## 1-14 ഐ.എ.വൈ അധികവിഹിതം നൽകി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചില്ല

2011-12 സാമ്പത്തിക വർഷത്തിൽ IAY ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ അധിക ധനസഹായം നൽകുവാൻ ബാക്കിയുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു :

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം. | കാറ്റഗറി | ഐ.എ.വൈ. വിഹിതം | GP+DP+BP+SS+SC+ST | ബാക്കി നൽകുവാനുള്ള ആനുകൂല്യം |
|---|---|---|---|---|
| 01 | OC | 1,21,127 | 38,19,396 | 39,40,523 |
| 02 | SC | 18,000 | 22,67,615 | 22,85,615 |
| 03 | ST | 53,375 | 19,70,320 | 20,23,695 |
| ആകെ | | 1,92,502 | 80,57,331 | 82,49,833 |

മേൽ ഗുണഭോക്താക്കളിൽ ഭൂരിഭാഗം പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചവരാണെങ്കിലും 2011-12 വർഷത്തെ അധിക ധനസഹായം നാളിതുവരെ അനുവദിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായതും നിഷ്ക്രിയാവസ്ഥയിൽ അവശേഷിക്കുന്നതുമായ തുകകൾ ഈ ആവശ്യത്തിനായി വിനിയോഗിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.5/27-6-12)ന് മറുപടി ലഭ്യമായില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പി.എം.എ.വൈ ഭവന നിർമ്മാണം - പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ പി.എം.എ.വൈ ഭവന പദ്ധതിക്കായി ചെലവഴിച്ച തുകയുടേയും ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ളവരുടേയും വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് | 81/21-പി.എം.എ.വൈ ഭവന ഗുണഭോക്താക്കൾക്കുള്ള ബ്ലോക്ക് വിഹിതം |
| അടങ്കൽ | 50,00,000/- |
| ബിൽ നം./തീയതി | ചെലവ് |
| 19/20-21 | 5,60,000/- |

| | |
|---|---|
| /20/01/2021 | |
| 20/20-21 /19/02/2021 | 8,96,000/- |
| 21/20-21 /5/03/2021 | 8,96,000/- |
| 24/20-21 /16/03/2021 | 6,72,000/- |
| 27/20-21 /22/03/2021 | 4,48,000/- |
| 29/20-21 /26/03/2021 | 5,60,000/- |
| 30/20-21 /26/03/2021 | 5,00,000/- |
| ആകെ | 45,32,000/- |

പി.എം.വൈ. ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സാമ്പത്തിക വർഷങ്ങളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 39 പേർ ഭാഗികമായി ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും പണി പൂർത്തിയാക്കിയിട്ടില്ല.

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഏതാനും ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സെക്രട്ടറി സ്വീകരിച്ച നടപടികളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | നൽകിയ തുക | റിമാർക്സ് |
|---|---|---|
| ചന്ദ്രിക W/o ചന്ദ്രൻ | 48,000 | ആർ.ആർ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി 3 തവണ നോട്ടീസുകൾ നൽകിയിട്ടുണ്ട്. |
| രസിയ W/o മുസ്തഫ | 48,000 | |
| വെള്ള W/o വേലൻ | 1,18,000 | ഗുണഭോക്താവ് മരണപ്പെട്ടു, അടുത്ത അവകാശിക്ക് തുടർന്നുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ജ്യോതി W/o ശശികുമാർ | 48,000 | വി.ഇ.ഒ മാർ ഗുണഭോക്താക്കളെ നേരിൽ കണ്ട് ഭവന നിർമ്മാണം പൂർത്തിയാക്കുവാനുള്ള സൗകര്യം നൽകി വരുന്നുണ്ട്. |
| ഷീബ W/o കൃഷ്ണൻ | 1,18,000 | |
| ധിനേഷ്.എ. S/o ആറുമുഖൻ | 1,60,000 | |
| സുബ്രമണിയൻ S/o ചെല്ലമുത്തു. | 4,78,000 | |
| രാജി W/o ചന്ദ്രൻ | 3,76,000 | |
| മോഹനൻ S/o ആണ്ടി | 3,76,000 | |
| ജ്യോതി പ്രകാശ് S/oരാജൻ | 3,76,000 | ഭവന നിർമ്മാണം ത്വരിതപ്പെടുത്തുവാൻ ബോധവത്ക്കരണം നടത്തി. |
| ശകുന്തള W/o അപ്പാമണി | 2,78,000 | |

ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും പൂർത്തീകരണം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടേയും വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 7/27-6-22).

തുടർനടപടികൾ സ്വീകരിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

1-16 പഠനമുറി - രണ്ടു ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല

മുൻ വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പഠനമുറി ധനസഹായം എന്ന പ്രോജക്റ്റ് പ്രകാരം(117/20,

100/21) 2019-20 വർഷത്തിൽ 1080000 രൂപയും 2020-21 വർഷത്തിൽ 390000 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

23 പേർക്ക് പഠനമുറി നിർമ്മാണത്തിനായി 2 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനായി 2018-19 വർഷത്തിൽ രൂപീകരിച്ച പ്രോജക്റ്റ് പ്രകാരം 21 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ധനസഹായ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 170000 രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും അവസാന ഗഡുവായ 30000 രൂപ കൈപ്പറ്റിയതായി കാണുന്നില്ല.

1. ദീപ്തി നാരായണൻ, പെരുവെമ്പ്

2. നിതിൻരാജ് രാജൻ, കൊടുവായൂർ

മേൽ ഗുണഭോക്താക്കളോട് നിർമ്മാണം പൂർത്തീകരിക്കുവാൻ നിരന്തരം ആവശ്യപ്പെട്ടിട്ടും പൂർത്തീകരിക്കാതിരുന്നതിനാലാണ് അവസാന ഗഡു അനുവദിക്കാതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണം നം. 1/24-6-2020 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഠനമുറി പൂർത്തീകരിക്കുവാൻ സാധ്യതയില്ലെങ്കിൽ വാല്യുവേഷൻ നടത്തിയതിനുശേഷം പദ്ധതി അവസാനിപ്പിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-17 കൊല്ലങ്കോട് എസ്.സി പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ഫർണീച്ചർ വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ
പ്രൊ.നം.139/20, 115/21
അടങ്കൽ - 823100 (എം.ജി-നോൺ റോഡ്)
ചെലവ് - 819244

ബിൽ നം. 1/20-4-20 -190210, 2/20-4-20 -186949, 3/20-4-20 - 442085

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 26-6-2019 ലെ തീരുമാനം നം. 2, ഭരണസമിതിയുടെ 9-10-19 ലെ തീരുമാനം നം. 3 എന്നിവ പ്രകാരം പ്രീമെട്രിക് ഹോസ്റ്റലിലേക്ക് ആവശ്യമായ ടേബിൾ, ചെയർ, കട്ടിലുകൾ, ഡൈനിംഗ് ടേബിൾ, കിടക്ക എന്നീ ഇനങ്ങൾ ARTCO എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതായി ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ ജി.എസ്.ടി നം. 32AAAAA2064P1ZW

1. ബിൽ നം. 411/26-3-20 - HW ടേബിൾ എണ്ണം - 190210

2. ബിൽ നം. 384/18-3-20 - Hostl Bed (30), Chair (20) – 186949

3. ബിൽ നം. 383/18-3-20 – HW ടേബിൾ (1), Arm Chir (30), Cot (30) – 442085

ആകെ - 819244 രൂപ

1. ARTCO സ്വയം നിർമ്മിക്കാത്ത 30 ഹോസ്റ്റൽ ബെഡുകൾ സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്. ബിൽ നം. 384/18-3-20 പ്രകാരം 190 Cm X 75 Cm, 3" അളവിലുള്ള 30 കിടക്കകൾ വിതരണം ചെയ്തതിന് 125670 രൂപ അനുവദിച്ചിട്ടുണ്ട്. ARTCO നിർമ്മിച്ച കിടക്കകളാണ് വിതരണം ചെയ്തതെന്ന് തെളിയിക്കുന്ന രേഖകളില്ല.

2. ബിൽ തുകകൾ അനുവദിച്ചത് ജി.എസ്.ടി ടി.ഡി.എസ് നടത്താതെയാണ്. 2017 ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമത്തിലെ വകുപ്പ് 51(1) പ്രകാരം ബില്ലിൽ നിന്നും ജി.എസ്ടി.ടി ടി.ഡി.എസ് ആയി 2% തുക ഈടാക്കേണ്ടതായിരുന്നു.

3. സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ

പ്രകാരം റേറ്റ് കോൺട്രാക്റ്റ് അനുസരിച്ചുള്ള വാങ്ങൽ 5 ലക്ഷമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇ-ടെണ്ടർ പോലുള്ള മറ്റ് വാങ്ങൽ രീതി പരിഗണിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 1(2)/24-6-2020 നുള്ള മറുപടിയിൽ ARTCO നിർമ്മിച്ച സാധനങ്ങളാണ് ARTCO സപ്ലൈ ചെയ്യതെന്ന് കത്ത് നൽകിയതിനാലാണ് ARTCO യിൽ നിന്നും സാധനങ്ങളാണ് വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്.

നേരിട്ടുള്ള വാങ്ങലിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ARTCO കൈപ്പറ്റിയ തുകയ്ക്കുള്ള ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ നൽകുന്ന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയറുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരനിൽ നിന്നും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴയുടേയും ഈടാക്കിയ പിഴയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 38/19, 74/20, 129/21-എസ്.സി വനിതകൾക്ക് മിനി ഇൻഡസ്ട്രിയൽ കെട്ടിട നിർമ്മാണം<br>അടങ്കൽ - 5000000 (SCP)<br>PAC- 4970942<br>കരാറുകാരൻ - ശ്രീ.ടി.ടി.ഷൗക്കത്തലി<br>എഗ്രിമെന്റ് നം.:31/ 05-10-2018<br>അളവു പുസ്തകം - 17/16-17, 53/18-19, 203/18-19<br>ചെലവ് - 4422541<br>ഫൈനൽ ബിൽ നം.63/27-7-2020 | 31-3-2019 | 19-7-2019 | 63609 | 149128 | 85519 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 175/19-മാമരത്ത് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം<br>അടങ്കൽ - 500000 (TSP)<br>PAC- 485723<br>കരാറുകാരൻ - ശ്രീ.ഹിരോഷ്കുമാർ<br>എഗ്രിമെന്റ് നം.:46/ 15-2-2019<br>അളവ് പുസ്തകം - 33/18-19<br>ചെലവ് - 436840<br>ബിൽ നം.48/27-12-2020 – 333508<br>& 10/7-4-20 - 103332 | 14-4-2019 | 11-11-2019 | 0 | 14571 | 14571 |
